# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം. **4405**

17.12.2014 - ൽ മറുപടിയ്ക്ക്

## ആയുർവേദ മരുന്നു നിർമ്മാണ മേഖലയുടെ വളർച്ചയ്ക്കുതകുന്ന കർമ്മ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.സി. ജോർജ്ജ്<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ഡോ. എൻ. ജയരാജ്<br>ശ്രീ. എം.വി. ശ്രേയാംസ് കുമാർ | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ആയുർവേദ മരുന്ന് നിർമ്മാണ സ്ഥാപനങ്ങൾ പ്രതിസന്ധിയിൽ ആണോയെന്ന് നിരീക്ഷിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ; | (എ) ഇല്ല. എന്നാൽ ആയുർവേദ ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിൽ നിന്നും നൽകി വരുന്ന പുതിയ ലൈസൻസുകളുടെ എണ്ണത്തിൽ പ്രതിവർഷം കുറവ് വരുന്നതായി ബോധ്യപ്പെട്ടിട്ടുണ്ട്. നിർമ്മാണ സ്ഥാപനങ്ങളുടെ പ്രതിസന്ധിക്ക് മുഖ്യകാരണം പച്ചമരുന്നുകളുടെ ലഭ്യതക്കുറവും അസംസ്കൃത ഔഷധങ്ങളുടെ വില വർദ്ധനയുമാണ്. കൂടാതെ ലഭിക്കുന്ന പച്ച മരുന്നുകളുടെ ഗുണനിലവാരം നിർണയിക്കുന്നതിനായുള്ള സംവിധാനം തുലോം കുറവാണെന്നതും കേന്ദ്ര ആയുഷ് ഡിപ്പാർട്ട്മെന്റ് ഔഷധ നിർമ്മാണശാലകൾക്ക് ഗുഡ് മാനുഫാക്ചറിങ് പ്രാക്ടീസ് നിർബന്ധമാക്കിയത് പ്രാവർത്തികമാക്കുവാൻ ചെറുകിട സ്ഥാപനങ്ങൾക്ക് സാധിക്കാതെ വന്നതും പ്രതിസന്ധിക്കു കാരണമായിട്ടുണ്ട്. |

(ബി) സംസ്ഥാനത്ത് ഗുഡ് മാനുഫാക്ചറിംഗ് പ്രാക്ടീസ് നടപ്പാക്കിയതിനു ശേഷം ആയുർവേദ നിർമ്മാണ യൂണിറ്റുകളിൽ ഗണ്യമായ കുറവു രേഖപ്പെടുത്തിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) ഉണ്ട്. ഗുഡ് മാനുഫാക്ചറിംഗ് പ്രാക്ടീസ് നടപ്പിലാക്കാത്ത സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുകയോ നിലവിലെ ലൈസൻസ് പുതുക്കി നൽകുകയോ ചെയ്യേണ്ട എന്ന് ആയുഷ് നിഷ്കർഷിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എല്ലാ ആയുർവേദ ഔഷധ നിർമ്മാതാക്കളും ഗുഡ് മാനുഫാക്ചറിംഗ് പ്രാക്ടീസിന് അനുസൃതമായി ഷെഡ്യൂൾ ടി നോംസ് പൂർണ്ണമായി നടപ്പിലാക്കണമെന്ന് സംസ്ഥാന ആയുർവേദ ഡ്രഗ്സ് കൺട്രോൾ വിഭാഗം അറിയിക്കുകയുണ്ടായി. ഗുഡ് മാനുഫാക്ചറിംഗ് പ്രാക്ടീസിന് അനുസൃതമായ സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ സാമ്പത്തികം അനുവദിക്കാത്ത പല നിർമ്മാതാക്കളും ലൈസൻസ് സറണ്ടർ ചെയ്യുകയോ സ്ഥാപനം നിർത്തുകയോ ചെയ്തിട്ടുണ്ട്.

(സി) ആയുർവേദ മരുന്നു നിർമ്മാണ മേഖലയുടെ സമഗ്രമായ വളർച്ചയ്ക്കുതകുന്ന കർമ്മ പദ്ധതികൾ നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

(സി) നടപടി സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ